**2010, ഖുത്ബ നമ്പര്‍ - 43**

بسم الله الرحمن الرحيم

22.10.2010
ബൈതുല്‍ ഫുതൂഹ്
ലണ്ടന്‍

وَلْتَكُنْ مِّنْكُمْ أُمَّةٌ يَّدْعُوْنَ إِلَى الْخَيْرِ
وَيَأْمُرُوْنَ بِالْمَعْرُوْفِ وَيَنْهَوْنَ عَنِ
الْمُنْكَرِ ۗ وَأُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿١٠٥﴾
وَمَا كَانَ الْمُؤْمِنُوْنَ لِيَنْفِرُوْا كَآفَّةً ۗ فَلَوْلَا نَفَرَ مِنْ
كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوْا فِي الدِّيْنِ وَلِيُنْذِرُوْا
قَوْمَهُمْ إِذَا رَجَعُوْٓا إِلَيْهِمْ لَعَلَّهُمْ يَحْذَرُوْنَ ﴿١٢٢﴾

ഞാന്‍ പാരായണം ചെയ്ത ആയത്തുകളില്‍ ആദ്യത്തെ ആയത്ത് സൂറ ആലുഇംറാനിലേതാണ്. അതിന്റെ അര്‍ത്ഥം ഇപ്രകാരമാണ്. നന്മയിലേക്ക് ക്ഷണിക്കുകയും നല്ല കാര്യങ്ങള്‍ ഉപദേശിക്കുകയും വെറുക്കപ്പെട്ട കാര്യങ്ങളെ വിരോധിക്കുകയും ചെയ്യുന്ന ഒരു സംഘം ആളുകള്‍ നിങ്ങളില്‍ ഉണ്ടാവേണ്ടതാണ്. അവര്‍ തന്നെയാണ് വിജയം പ്രാപിക്കുന്നവര്‍. രണ്ടാമത്തെ ആയത്ത് സൂറ തൗബയിലുള്ളതാണ്. അതിന്റെ അര്‍ത്ഥം ഇപ്രകാരമാണ്. എല്ലാവരും ചേര്‍ന്നുകൊണ്ട് മത കാര്യങ്ങള്‍ പഠിപ്പിക്കുവാന്‍ വേണ്ടി പുറപ്പെടുക എന്നത് സത്യവിശ്വാസികള്‍ക്ക് സാധ്യമല്ല. എന്നാല്‍ അവരില്‍ ഒരു വിഭാഗത്തില്‍ നിന്നും ഓരോ സംഘം ആളുകള്‍ മതകാര്യത്തില്‍ നല്ലവണ്ണം അറിവ് സമ്പാദിക്കുന്നതിനും തങ്ങളുടെ ജനങ്ങളിലേക്ക് തിരിച്ചുവന്നാല്‍ അവര്‍ക്ക് സൂക്ഷ്മത കൈക്കൊള്ളുന്നതിനായി താക്കീത് ചെയ്യുന്നതിന്നും എന്തുകൊണ്ട് പുറപ്പെട്ടുപോകുന്നില്ല.

ഈ ആയത്തുകളില്‍ ദീനിനുവേണ്ടി സ്വയം തങ്ങളുടെ ജീവന്‍ വഖ്ഫ് ചെയ്തുകൊണ്ട് നന്മ പ്രവര്‍ത്തിക്കുകയും തിന്മയെ വിരോധിക്കുകയും ഇസ്‌ലാമിന്റെ പ്രചാരണത്തിനുവേണ്ടി തങ്ങളുടെ ജീവിതം സമര്‍പ്പിക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ് ഈ ആയത്തില്‍ അല്ലാഹു പ്രതിപാദിച്ചിട്ടുള്ളത്. ജീവന്‍ വഖ്ഫ് ചെയ്യുന്ന വ്യവസ്ഥിതി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലം തൊട്ടുതന്നെ ഏതെങ്കിലും രീതിയില്‍ ജമാഅത്തില്‍ നിലവിലുണ്ട്. രണ്ടാം ഖിലാഫത്ത് കാലഘട്ടത്തില്‍ ഇത് വ്യവസ്ഥാപിതമാകുകയും ജീവിതം വഖ്ഫ് ചെയ്തുകൊണ്ടുള്ള ഫോം പൂരിപ്പിക്കുകയും ചെയ്യാന്‍ തുടങ്ങി. മതപരമായ അറിവ് കരസ്ഥമാക്കുന്നതിനുവേണ്ടി ജാമിഅ അഹ്മദിയ്യ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. വിദേശ രാഷ്ട്രങ്ങളില്‍ മുബല്ലിഗുമാരെ അയക്കാനും തുടങ്ങി. അത്തരം മുബല്ലിഗുമാര്‍ തബ്‌ലീഗ് രംഗത്ത് വളരെ നല്ല നിലയില്‍ പ്രവര്‍ത്തിക്കുകയുണ്ടായി. അതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ജമാഅത്തിന്റെ തബ്‌ലീഗ് തര്‍ബിയ്യത്ത് പ്രവര്‍ത്തനങ്ങളില്‍ ഒരു തിരിച്ചറിവ് കൈവരിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഈ പ്രവര്‍ത്തനം ഇന്നും തുടര്‍ന്നുകൊണ്ടിരിക്കുന്നു. മുബല്ലിഗുമാര്‍ പല നാടുകളിലും ഈ പ്രവര്‍ത്തനത്തില്‍ മുഴുകിയിരിക്കുകയാണ്. ഇപ്പോള്‍ മുബല്ലിഗീങ്ങളിലും മുറബ്ബിമാരിലും മുഅല്ലിമീങ്ങളിലും പാക്കിസ്ഥാനും ഇന്ത്യക്കും പുറമെ മറ്റു പല സമൂഹത്തിലെ ആളുകളും ഉള്‍പ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് ആഫ്രിക്കന്‍ നാടുകളിലുള്ള മുബല്ലിഗീങ്ങളും മുഅല്ലിമീങ്ങളും ഇതില്‍ ഉള്‍പ്പെട്ടിരിക്കുന്നു. അതുപോലെ ഇന്തോനേഷ്യയിലേയും. ഇവര്‍ക്കെല്ലാവര്‍ക്കും ആത്മാര്‍ത്ഥതയോടു കൂടി സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നല്‍കുമാറാകട്ടെ.

ജീവിതം വഖ്ഫ് ചെയ്യുന്നവരില്‍ വെറും മുബല്ലിഗ് മുഅല്ലിമീങ്ങള്‍ മാത്രമല്ല ഉള്ളത്. മറിച്ച് ഡോക്ടര്‍, ടീച്ചര്‍ മറ്റ് വിഭാഗങ്ങളിലുള്ള ആള്‍ക്കാരും ഇതില്‍ ഉള്‍പ്പെടുന്നു. അവരും സേവനം ചെയ്യുന്നുണ്ട്. ചുരുക്കത്തില്‍ ജമാഅത്തിന്റെ ആവശ്യങ്ങള്‍ വര്‍ദ്ധിക്കുകയും തബ്‌ലീഗ് രംഗത്ത് വിശാലത കൈവരികയും മറ്റുള്ള സേവനങ്ങള്‍ വര്‍ദ്ധിച്ചുവരികയും ചെയ്യുന്നതിന്റെ ഫലമായി വഖ്ഫ് ചെയ്തവരുടേയും മുബല്ലിഗുമാരുടേയും ആവശ്യങ്ങള്‍ വര്‍ദ്ധിച്ചുവരികയാണ്. നമ്മുടെ ജോലി വര്‍ദ്ധിച്ചുവരികയും ജമാഅത്ത് മുന്നേറുകയും ചെയ്തുകൊണ്ടിരിക്കുമ്പോള്‍ ജമാഅത്തിലേക്ക് ജനങ്ങള്‍ പ്രവേശിച്ചുകൊണ്ടിരിക്കുകയും ചെയ്തു വരുന്നു. ഇതു കാരണം തഅ്‌ലീം തര്‍ബിയ്യത്ത് പ്രവര്‍ത്തനങ്ങള്‍ നടത്തുന്നതിനായി വഖ്ഫ് ചെയ്തവരുടേയും ദീനീ അറിവ് കരസ്ഥമാക്കിയവരുടേയും ആവശ്യം വര്‍ദ്ധിച്ചു വരുകയാണ്. മുകളിലെ ആയത്തില്‍ അല്ലാഹു പറയുന്നു. ജമാഅത്തിലെ എല്ലാവര്‍ക്കും ഒരുമിച്ച് തബ്‌ലീഗ് തര്‍ബിയ്യത്ത് പ്രവര്‍ത്തനങ്ങളില്‍ മുഴുകുക എന്നത് സാധിക്കാത്ത കാര്യമാണ്. അതുകൊണ്ട് ഈ പ്രവൃത്തികള്‍ ചെയ്യുന്ന ഒരു പ്രത്യേക വിഭാഗം ഉണ്ടായിരിക്കേണ്ടതാണ്. നന്മ പ്രവര്‍ത്തിക്കുന്നതിനും തബ്‌ലീഗ് പ്രവര്‍ത്തനങ്ങള്‍ ചെയ്യുന്നതിലും എല്ലാവരും ഭാഗഭാക്കാകണമെന്ന് മറ്റൊരു സ്ഥലത്ത് പറയുന്നുണ്ടെന്നത് ശരിതന്നെ. എങ്കിലും ഈ കാര്യവും ഖുര്‍ആനില്‍ പറയുന്നുണ്ട്. കാരണം ഭൗതികവ്യവഹാരങ്ങളില്‍ ഏര്‍പ്പെടേണ്ടതും നിര്‍ബന്ധമാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളില്‍ മുഴുകിയിട്ടുള്ളവര്‍ക്ക് തബ്‌ലീഗ് തര്‍ബിയ്യത്ത് പ്രവര്‍ത്തനങ്ങള്‍ക്ക് വേണ്ട വിധത്തില്‍ സമയം നല്‍കാന്‍ സാധിച്ചെന്നുവരില്ല. എല്ലാവരുടേയും പ്രകൃതവും ഈ രീതിയിലുമായിരിക്കുകയില്ല. അപ്രകാരം തന്നെ ഒരു മുബല്ലിഗും മുറബ്ബിയും കരസ്ഥമാക്കുന്ന മതപരമായ അറിവ് സമൂഹത്തിലെ എല്ലാവര്‍ക്കും കരസ്ഥമാക്കാനും സാധിക്കുന്നതല്ല. മാത്രമല്ല, എല്ലാവര്‍ക്കും ഒരേ രീതിയില്‍ പരിശീലനം നല്‍കാനും സാധ്യമല്ല. അതുകൊണ്ട് നല്ല ശ്രദ്ധയോടുകൂടി ദീന്‍ പഠിക്കുകയും അല്ലാഹുവിന്റെ കല്‍പനകള്‍ ശരിയായ രീതിയില്‍ അറിയുകയും ചെയ്യുന്ന ഒരു വിഭാഗം ഉണ്ടായിരിക്കേണ്ടതാണ്. എന്നിട്ട് അതിന്റെ ഗഹനമായ അറിവ് കരസ്ഥമാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ സ്വന്തം താല്‍പര്യപ്രകാരം ഭൗതികവിദ്യാഭ്യാസത്തോടൊപ്പം മതപരമായ അറിവും സമ്പാദിച്ചിട്ടുള്ള ധാരാളം ആളുകള്‍ ജമാഅത്തിലുണ്ട്. എന്നാല്‍ അവരുടെ അധികസമയവും മറ്റു തിരക്ക് കാരണം ജമാഅത്തിന് സമയം നല്‍കുന്നതിന് തടസ്സമായി വരുന്നു. ചുരുക്കത്തില്‍ അല്ലാഹു പറയുന്നത്, മതപരമായ പ്രവര്‍ത്തികള്‍ക്ക് ജീവിതം വഖ്ഫ് ചെയ്ത ഒരു വിഭാഗം ആളുകള്‍ ഉണ്ടായിരിക്കേണ്ടതാണ് എന്നാണ്. ഇസ്‌ലാം ഒരു അന്താരാഷ്ട്ര മതമാണ്. ആയതിനാല്‍ എല്ലാ വിഭാഗങ്ങളിലും പെട്ട ഒരു വിഭാഗം ആളുകള്‍ ഇതില്‍ ഉണ്ടാകേണ്ടതാണ്. അതില്‍ വര്‍ദ്ധനവും

ഉണ്ടാകേണ്ടതാണ്. എല്ലാ വിഭാഗത്തിൽ നിന്നുമുള്ള ഒരു കൂട്ടം ആളുകൾ മതപരമായ അറിവ് കരസ്ഥമാക്കുകയും മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്. ഒരോ സമുദായത്തിലേയും വിഭാഗത്തിലേയും ആളുകളുടെ പ്രകൃതം വ്യത്യസ്ഥമാണ്. അതിനനുസരിച്ച്കൊണ്ട് തബ്ലീഗിന്റെ രീതിയും അവലംബിക്കേണ്ടതാണ്. ഇത്തരത്തിൽ തബ്ലീഗും തർബിയ്യത്തും എളുപ്പമായിത്തീരുന്നു.

ചുരുക്കത്തിൽ വിശ്വാസികൾ ഒരു വിഭാഗം ആളുകൾ തബ്ലീഗ് തർബിയ്യത്ത് സേവനങ്ങൾ ചെയ്യാൻ സന്നദ്ധരായവർ ഉണ്ടാവേണ്ടതാണ് എന്ന് അല്ലാഹു മാർഗ്ഗദർശനം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിൽ ദീനിനുവേണ്ടി ജീവൻ വഖ്ഫ് ചെയ്യാനുള്ള വ്യവസ്ഥിതി നിലവിലുണ്ട്. ഞാൻ പറഞ്ഞതുപോലെ എല്ലാ വിഭാഗത്തിൽ പെട്ടിട്ടുള്ള ആളുകളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ജമാഅത്തിന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നതോടൊപ്പം ഇതിന്റെ അംഗസംഖ്യയിലും വർദ്ധനവ് ഉണ്ടാവേണ്ടതാണ്. ഭാവിയിൽ ഈ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കും. ഇപ്പോഴില്ലെങ്കിലും ഭാവിയിൽ ഇതിന്റെ ആവശ്യം വർദ്ധിക്കുന്നതാണ്. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ടാണ് അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ വഖ്ഫ് നൗ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഈ പദ്ധതിക്ക് ആരംഭം കുറിച്ച് കൊണ്ട് ഹുസൂർ മാതാപിതാക്കളോട് പറഞ്ഞിരുന്നത്, കുട്ടികൾ വലുതായതിന് ശേഷം ജീവിതം വഖ്ഫ് ചെയ്യുന്നതിന് പകരം കുട്ടി ജനിക്കുന്നതിനു മുമ്പെ തന്നെ തഖ്വയിൽ പദമൂന്നിക്കൊണ്ട് ദീനിന് വേണ്ടി കുട്ടികളെ സമർപ്പിക്കേണ്ടതാണ് എന്നാണ്. ഓരോ മാതാപിതാക്കളും മറിയംബീവിയുടെ ഉമ്മ വിളംബരം ചെയ്തതുപോലെ ഇപ്രകാരം വിളംബരം ചെയ്യേണ്ടതാണ്.

رَبِّ اِنِّیْ نَذَرْتُ لَكَ مَا فِیْ بَطْنِیْ مُحَرَّرًا فَتَقَبَّلْ مِنِّیْ

അല്ലാഹുവേ എന്റെ വയറ്റിലുള്ളതിനെ നേർച്ചയാക്കിക്കൊണ്ട് ദീനിനുവേണ്ടി ഞാൻ സമർപ്പിക്കുകയാണ്. അതിനാൽ എന്നിൽ നിന്ന് നീ ഇത് സ്വീകരിക്കേണമേ.

ഈ ദുആയോടുകൂടി മാതാക്കൾ തങ്ങളുടെ കുട്ടികളെ ജമാഅത്തിനായി ഖലീഫയുടെ മുമ്പാകെ സമർപ്പിക്കുമ്പോൾ അവരുടെ ഉത്തരവാദിത്വവും വർദ്ധിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജീവൻ വഖ്ഫ് ചെയ്തുകൊണ്ട് അതിന്റെ അവകാശങ്ങൾ നിറവേറ്റുന്നവരായി ജീവിതം നയിക്കുന്ന രീതിയിലുള്ള തർബ്ബിയ്യത്ത് കുട്ടികൾക്ക് നൽകിക്കൊണ്ട് വളർത്തേണ്ടതാണ്. അല്ലാഹു ഈ കുട്ടിയെ ദീനിന്റെ സേവകനാക്കി മാറ്റേണമേ എന്ന് എപ്പോഴും ദുആ ചെയ്യേണ്ടതാണ്. പിന്നീട് ഞാൻ വഖ്ഫ് ചെയ്തവനാണെന്ന ബോധം കുട്ടിയിൽ ഉണ്ടാവുന്ന വിധത്തിൽ കുട്ടിക്ക് തർബ്ബിയ്യത്ത് കൊടുക്കേണ്ടതുമാണ്. ഈ രീതിയിൽ ആരംഭത്തിൽ തന്നെ തർബ്ബിയ്യത്ത് കൊടുക്കുകയാണെങ്കിൽ കുട്ടി യുവത്വത്തിലേക്ക് കാലെടുത്ത്വെക്കുമ്പോൾ ദീനിന് വേണ്ടി ആത്മാർത്ഥമായി വഖ്ഫ് ചെയ്യാൻ ശ്രമിക്കുന്നതാണ്. ചുരുക്കത്തിൽ മാതാപിതാക്കൾ കുട്ടികളെ വഖ്ഫിനു വേണ്ടി തയ്യാറാക്കുന്ന വിധത്തിൽ തഅ്ലീം തർബ്ബിയ്യത്ത് കൊടുക്കേണ്ടതാണ്. ഇത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണെന്ന് എപ്പോഴും ഓർക്കേണ്ടതാണ്, മനോഹരവും ഫലദായകവുമായ വൃക്ഷമാക്കിക്കൊണ്ട് ജമാഅത്തിന്നും ഖിലാഫത്തിന്നും അല്ലാഹുവിന്റെ ദീനിനും സേവനം ചെയ്യുന്നതിന് സമർപ്പിക്കുന്നതിനുവേണ്ടി. നമ്മുടെ കുട്ടികൾ വഖ്ഫെ നൗ വിൽ ഉൾപ്പെട്ടവരാണ് അതുകൊണ്ട് തുടക്കത്തിൽ തന്നെ അവരെ ജമാഅത്ത് സംരക്ഷിക്കേണ്ടതാണെന്ന് ചില മാതാപിതാക്കൾ കരുതുന്നു. ഇത് തെറ്റായ ധാരണയാണ്. തഅ്ലീം തർബിയ്യത്ത് കാര്യങ്ങളിൽ ജമാഅത്ത് മാർഗ്ഗദർശനം നൽകുന്നു, നൽകേണ്ടതുമാണ്. അതിനുവേണ്ടി പാക്കിസ്ഥാനിലെ റബ്വയിൽ വഖാലത്ത് വഖ്ഫെ നൗ എന്ന വകുപ്പും നിലവിലുണ്ട്. ഖാദിയാനിൽ തഅ്ലിം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വഖ്ഫെ നൗ വകുപ്പിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. ലണ്ടനിൽ കേന്ദ്രമെന്ന നിലയിൽ നേരിട്ട് കാലത്തിന്റെ ഖലീഫയുടെ നേതൃത്വത്തിൽ ഈ വകുപ്പിന്റെ പ്രവർത്തനം നടന്നുവരുന്നു. വഖ്ഫ് ചെയ്ത കുട്ടികളുടെ തഅ്ലീം തർബ്ബിയ്യത്ത് എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുകയും കൗൺസിലിംങ്ങ് നടത്തുകയും ജമാഅത്തിന്റെ കർമ്മനിരതരായ ഒരു വിഭാഗമായി മാറ്റുകയും ചെയ്യുക എന്നത് ജമാഅത്തിന്റെ വഖ്ഫെ നൗ സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. സ്വയം ഇതിന് വേണ്ടി കർമ്മനിരതരാവേണ്ടതാണ്. എന്നാൽ ഇതൊക്കെ ഉണ്ടായാലും മാതാപിതാക്കളുടെ ഉത്തരവാദിത്വം വളരെ ഭാരിച്ചതാണ്. ഞാൻ പറഞ്ഞതുപോലെ ജമാഅത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ടാണ് വഖ്ഫെ നൗ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇത് അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്നതും ഭാവിയിൽ ജമാഅത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതുമായ പദ്ധതിയാണ്. ഇതിൽ മുബല്ലിഗുമാർക്കും മുറബ്ബിമാർക്കും പുറമെ പല മേഖലയിലും പ്രവർത്തിക്കുന്ന വഖ്ഫ് ചെയ്തവരെ ആവശ്യമുണ്ടാകും. മാതാപിതാക്കളും വഖ്ഫെ നൗ വകുപ്പിൽ പ്രവർത്തിക്കുന്നവരും ഈ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ നിറവേറ്റാൻ അങ്ങേയറ്റം ശ്രമിക്കേണ്ടതാണ്. വേണ്ട രീതിയിൽ വഖ്ഫെ നൗ സെക്രട്ടറി കർമ്മ നിരതരല്ലെന്നാണ് അധിക സ്ഥലത്ത് നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ചുരുക്കത്തിൽ കർമ്മനിരതരാകേണ്ടത് ആവശ്യമാണ്. അങ്ങനെ കുട്ടികൾ കർമ്മ രംഗത്ത് വന്നുകൊണ്ട് സമുദായത്തെ നാശത്തിലേക്ക് വഴുതിപ്പോകുന്നതിൽ നിന്ന് രക്ഷപ്പെടുത്തുന്നവരായി മാറട്ടെ. വിജയം പ്രാപിക്കുന്നവരുടെ കൂട്ടത്തിൽ സ്വയം ഉൾപ്പെട്ടവരായി മാറുന്നതോടൊപ്പം ലോകരെ വിജയിപ്പിക്കുന്നതിലും നിലനിർത്തുന്നതിന്നും കാരണക്കാരായി മാറേണ്ടതുമാണ്.

കുട്ടികൾക്ക് തർബ്ബിയ്യത്ത് കൊടുക്കുക എന്നത് ഓരോ മാതാപിതാക്കളുടേയും ഉത്തരവാദിത്വമാണ്. ഒരു കുട്ടിയും പാഴായിപ്പോകുക എന്നത് ജമാഅത്ത് സഹിക്കുന്നതല്ല. ഇവരെല്ലാവരും ജമാഅത്തിന്റെയും സമൂഹത്തിന്റെയും അമാനത്താണ്. എന്നാൽ വഖ്ഫെ നൗ വിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ മനസ്സിൽ, നിന്നെ ഞങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഖ്ഫ് ചെയ്തതാണ്, വെറും വഖ്ഫെ നൗ എന്ന ടൈറ്റിൽ ലഭിക്കുക എന്നത് മാത്രം മതിയായതല്ല. മറിച്ച്, തർബ്ബിയ്യത്തിലും, തഅ്ലീമിലും നിങ്ങളുടെ സംസാരത്തിലും, നിങ്ങളുടെ പ്രവർത്തനങ്ങളിലും, നിങ്ങൾ മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിലും, ഇതിലൊക്കെ നിങ്ങൾ മറ്റുള്ളവരിൽ നിന്ന് വേറിട്ട് നിൽക്കേണ്ടതാണ് എന്ന കാര്യം അവരെ ബോധ്യപ്പെടുത്തേണ്ടതാണ്. ഈ ശീലങ്ങളിൽ വലുതാവുന്നതിനനുസരിച്ച് ദൃഢത കൈവരിക്കുകയും ചെയ്യേണ്ടതാണ്, മതപരമായ അറിവ് കരസ്ഥമാക്കാനുള്ള ശ്രദ്ധ ചെറുപ്പത്തിൽതന്നെ ഉണ്ടായിത്തീരുന്നതിനുവേണ്ടി. ജമാഅത്ത് തയ്യാറാക്കിയ വഖ്ഫെ നൗ സിലബസ്സ് പഠിപ്പിക്കുക എന്നതും മാതാപിതാക്കളുടേയും ജമാഅത്തിന്റെയും ജോലിയാണ്. ഓരോ ദിവസവും ഇതിൽ പുരോഗതി പ്രാപിക്കേണ്ടതുമാണ്. അപ്പോൾ മാത്രമേ വരാനിരിക്കുന്ന വെല്ലുവിളി നമുക്ക് നേരിടാനും ലോകരെ ദീൻ പഠിപ്പിക്കുന്നതിന്റെ ആവശ്യകതയെ പൂർത്തിയാക്കാനും സാധിക്കുകയുള്ളൂ. സ്വയം മതപരമായ അറിവ് സമ്പാദിക്കുന്നതിനുള്ള വാഞ്ച കുട്ടികളിൽ ഉണ്ടാകേണ്ടതാണ്. ഈ കാര്യത്തിലും ശ്രദ്ധിക്കേണ്ടതാണ്. ഇതുണ്ടെങ്കിൽ മാത്രമേ ശരിയായ രീതിയിൽ മതപരമായ അറിവ്

സമ്പാദിക്കുവാനും സാധിക്കുകയുള്ളൂ. അല്ലെങ്കിൽ നിർബന്ധിത സാഹചര്യത്തിൽ പഠിക്കുക എന്നതും വഖ്ഫ് ചെയ്യുക എന്നതും ഫലപ്രദമായ ഒരു പ്രവൃത്തിയായിത്തീരുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ദീനിനെക്കുറിച്ച് അഗാധമായ അറിവ് കരസ്ഥമാക്കിയ ആളുകൾ ഉണ്ടായിത്തീരേണ്ടതാണ്.

അതായത് തിരുനബി (സ) പഠിപ്പിച്ചുതന്നിട്ടുള്ള മതത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയണം. ചുരുക്കത്തിൽ ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളവർ പ്രത്യേകിച്ച് മതപരമായ അറിവ് കരസ്ഥമാക്കാൻവേണ്ടി തങ്ങളുടെ ജീവിതം വഖ്ഫ് ചെയ്തുകൊണ്ട് ലോകത്തുള്ള ജാമിഅകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എപ്പോഴും ഓർക്കേണ്ടത് ഹദ്റത്ത് നബി കരീം (സ) പഠിപ്പിച്ചുതന്നിട്ടുള്ള ദീൻ പഠിക്കേണ്ടതാണെന്നാണ്. അദ്ദേഹം ഏത് ദീനാണ് പഠിപ്പിച്ചുതന്നിട്ടുള്ളത്. അദ്ദേഹം നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള മതത്തെക്കുറിച്ച് ഹദ്റത്ത് ആയിശ (റ) യുടെ വിവരണം നമുക്ക് മാർഗ്ഗദീപമാണ്. അത് ഇപ്രകാരമാണ്. **കാന ഖുലുക്കുഹുൽ ഖുർആൻ** അദ്ദേഹത്തിന്റെ സ്വഭാവം ഖുർആനായിരുന്നു. അദ്ദേഹത്തിന്റെ മതം വിശുദ്ധഖുർആനിലെ ഓരോ കൽപനകളും മനസ്സിലാക്കിക്കൊണ്ട് അത് പ്രാവർത്തികമാക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ്. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ മാതൃക പിൻപറ്റാനാണ് ഓരോ വിശ്വാസികളോടും കൽപ്പിച്ചിട്ടുള്ളത്. എന്നാൽ മതപരമായ അറിവ് കരസ്ഥമാക്കുന്നു എന്ന് വാദിക്കുന്നവർ,സാധാരണ വിശ്വാസികളേക്കാൾ കൂടുതലായി നാം നന്മയിലേക്ക് ക്ഷണിക്കുന്നവരാണെന്ന് വാദിക്കുന്നവർ, നന്മയെക്കുറിച്ച് ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുക എന്നത് മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതലായി നാം ചെയ്യുന്നതാണെന്ന് വാദിക്കുന്നവർ, അവർ എത്രമാത്രം ഈ മാതൃകയെ പിൻപറ്റേണ്ടത് നിർബന്ധമാണ്. ചുരുക്കത്തിൽ ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളവർ ഈ കാര്യത്തിൽ എപ്പോഴും ഒരു ആത്മപരിശോധന നടത്തേണ്ടതാണ്. വിശുദ്ധഖുർആൻ പരിപൂർണ്ണമായ ഒരു ശരീഅത്ത് ഗ്രന്ഥമാണെന്നാണ് നമ്മുടെ വാദമെങ്കിൽ തങ്ങളുടെ ജീവിതം അതിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് ആക്കാൻ വേണ്ടി ശ്രമിക്കേണ്ടതാണ്. മതപരമായ അറിവ് സമ്പാദിക്കുന്നവരുടെ ഉത്തരവാദിത്വമാണിത്. തങ്ങളുടെ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിറവേറ്റുന്നതിനുവേണ്ടി. തങ്ങളുടെ മാതൃകകൾ കാണിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരായി മാറേണ്ടതാണ്. ഇനി ഞാൻ ഹ: മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹത്തെ നിങ്ങളുടെ മുമ്പാകെ വെക്കുന്നു. അതായത് വഖ്ഫ് ചെയ്തവർ ഏതുവിധത്തിലുള്ളവരായി മാറേണ്ടതാണ് എന്ന കാര്യത്തെ നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്. അദ്ദേഹം പറയുന്നു: വെറും സംസാരത്തിൽ മാത്രമല്ല മറിച്ച് പ്രവൃത്തിയിലൂടെയും കാണിക്കുന്ന ആളുകളേയാണ് നമുക്ക് ആവശ്യം. വായകൊണ്ടുള്ള വാദം ഒരു പ്രയോജനവും ചെയ്യുകയില്ല.

ചുരുക്കത്തിൽ എല്ലാ മുബല്ലിഗ് മുറബ്ബികളോടും ലോകത്തുള്ള പല നാടുകളിലുള്ള ജാമിഅകളിൽ പഠിക്കുന്നവരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ നിർദ്ദേശത്തെ എപ്പോഴും മുന്നിൽ കാണേണ്ടതാണെന്നാണ്. നമ്മുടെ അറിവിലും പ്രവൃത്തിയിലും സാമ്യതയുണ്ടോ എന്ന് എപ്പോഴും ഒരാത്മപരിശോധന നടത്തേണ്ടതാണ്. നമസ്കാരത്തിൽ അശ്രദ്ധ കാണിക്കുന്നത് പാപമാണെന്ന് നാം പറയുകയും സ്വയം നമസ്കാരത്തിൽ അശ്രദ്ധ കാണിക്കുകയും ചെയ്യുകയാണെങ്കിൽ അതുകൊണ്ട് ഒരു നേട്ടവും ഉണ്ടാവുകയില്ല. അതുപോലെ വിവാഹസന്ദർഭങ്ങളിൽ നടന്നുവരുന്ന അനാചാരങ്ങൾ ഇത് ബിദ്അത്താണ്, കാലത്തിന്റെ ഖലീഫയും ജമാഅത്തും അതിനനുവാദം തരുന്നതല്ല, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം അത് ഇഷ്ടപ്പെടുന്നതല്ല, അല്ലാഹുവും അവന്റെ റസൂലും ഇക്കാര്യം റദ്ദ് ചെയ്യുന്നു എന്ന് പറയുകയും എന്നിട്ട് തങ്ങളുടെ കുട്ടികളുടേയോ, ബന്ധുമിത്രാദികളുടേയോ കല്യാണത്തിൽ ഇക്കാര്യം ഓർമ്മ വരാതിരിക്കുകയും ചെയ്യുക, അല്ലെങ്കിൽ അനാചാരങ്ങൾ നടക്കുന്ന കല്ല്യാണത്തിൽ പങ്കെടുക്കുകയും അവരെ ഉപദേശിക്കാതിരിക്കുകയും അതുമല്ലെങ്കിൽ അവിടുന്ന് എഴുന്നേറ്റ് പോകാതിരിക്കുകയും ചെയ്യുന്നത് തെറ്റാണ്. ചുരുക്കത്തിൽ മതപരമായ അറിവ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ അത് പ്രാവർത്തികമാക്കാനും ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ജീവിതം വഖ്ഫ് ചെയ്തവർ അഹങ്കാരത്തിൽ നിന്നും വെറുപ്പിൽ നിന്നും പരിശുദ്ധരാവേണ്ടതാണ്.

ഫീൽഡിൽ പ്രവർത്തിക്കുന്നവരായാലും ജാമിഅയിൽ പഠിക്കുന്നവരായാലും അവർ ഒരു ആത്മപരിശോധന നടത്തേണ്ടതാണ്. ഈ രീതിയിൽ ആത്മപരിശോധന നടത്തുന്ന ശീലമുണ്ടായിത്തീരുമ്പോൾ നമ്മളിൽ മാറ്റവും ഉണ്ടാകുന്നു. ഈ വർഷം കനഡയിലെ ജാമിഅയിൽ നിന്ന് വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള മുറബ്ബിമാരുടെ ആദ്യത്തെ ബാച്ച് പഠനം പൂർത്തിയാക്കി പുറത്തു വരികയാണ്. ഇൻശാ അല്ലാഹ്. മറ്റുള്ള സ്ഥലത്ത് നിന്നും കുട്ടികൾ പുറത്ത് വരാൻ തുടങ്ങിക്കൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല പാക്കിസ്ഥാനിൽ വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള ചിലർ മുറബ്ബികളായിത്തീരുകയും ചെയ്തു. വിനയം എന്നുള്ളത് ഒരു മുബല്ലിഗിന്റെ പ്രത്യേകതയാണെന്ന് എപ്പോഴും ഓർക്കേണ്ടതാണ്. എന്നാൽ തന്റെ പ്രതാപവും നില നിർത്തേണ്ടതും ആവശ്യമാണ്. വഖ്ഫ് ചെയ്തവരെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറയുന്നു: നമ്മുടെ ഗ്രന്ഥങ്ങൾ ധാരാളമായി വായിക്കുന്നതുകൊണ്ട് അവരുടെ അറിവ് പരിപൂർണ്ണമായ അവസ്ഥ കൈവരിക്കുന്നു.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥം വായിക്കുക എന്നത് ജാമിഅയിൽ പഠിക്കുന്ന അവസരത്തിലും പ്രവർത്തനരംഗത്തും വളരെ അത്യാവശ്യമാണ്. കാരണം ഈ ഗ്രന്ഥങ്ങളാണ് ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ ലോകത്ത് സമർപ്പിക്കുന്നത്. അപ്രകാരം തന്നെ ഉള്ളതിൽ തൃപ്തിപ്പെടുക എന്നത് ഒരു മുബല്ലിഗിനെ സംബന്ധിച്ചിടത്തോളം വളരെ നിർബന്ധമായ കാര്യമാണ്. ഈ അവസ്ഥ കൈവരിക്കാനുള്ള മാർഗ്ഗം അദ്ദേഹം സ്വയം നിശ്ചയിച്ചിരിക്കുന്നു. അദ്ദേഹം പറയുകയാണ്.

നമ്മുടെ ഉദ്ദേശരീതിക്കനുസരിച്ച് ഉള്ളതിൽ തൃപ്തിപ്പെടുക എന്ന ശീലം ഏതുവരെ ഉണ്ടാക്കിത്തീർക്കുന്നില്ലയോ അതുവരെ പരിപൂർണ്ണമായ നിലയിൽ മുബല്ലിഗാകാനും സാധിക്കുകയില്ല. ഉള്ളതിൽ തൃപ്തിപ്പെടുക എന്നുള്ള ശീലം പരിപൂർണ്ണമായ നിലയിൽ കൈവരിക്കുന്നവർക്ക് മാത്രമെ ഈ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.

ഹുസൂർ വീണ്ടും പറയുന്നു. നബി (സ) യുടെ സഹാബാക്കൾ ചിലപ്പോൾ വൃക്ഷത്തിന്റെ ഇലകൾ കഴിച്ച് ജീവിതം നയിച്ചിരുന്നു.

ഹ: മസീഹ് മൗഊദ് (അ) ന്റെ ദുആയും ആഗ്രഹവും പൂർത്തിയാക്കിക്കൊണ്ട് ഇത്തരത്തിലുള്ള മുബല്ലിഗുമാരെ അല്ലാഹു നൽകുകയുണ്ടായി. ഉള്ളതിൽ തൃപ്തിപ്പെടുക എന്ന അവരുടെ അവസ്ഥ അസൂയാർഹമായ കാര്യമായിരുന്നു. ഇന്ന് മുബല്ലിഗീങ്ങൾക്ക് പല സൗകര്യങ്ങളുമുണ്ട്. എന്നാൽ ഒരു സൗകര്യവുമില്ലാത്ത കാലമുണ്ടായിരുന്നു. ഇപ്പോൾ ജമാഅത്തിന്റെ ധനപരമായ അവസ്ഥയും വളരെ നല്ലതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ രീതിയിലും

ശ്രദ്ധിക്കാനും ശ്രമിക്കുന്നുണ്ട്. എന്നിരുന്നാലും ഇക്കാലത്തും ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സഹിക്കേണ്ടതായി വരുന്നു. എന്നാൽ ദീനിനുവേണ്ടി എല്ലാവിധ ത്യാഗങ്ങളും ചെയ്യാൻ സ്വയം സമർപ്പിച്ചതിനാൽ പിന്നെ ഈ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും വിലമതിക്കാൻ പാടുള്ളതല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റബ്‌വയിലും ഖാദിയാനിലും പുറമെ ലോകത്തുള്ള മറ്റ് സ്ഥലങ്ങളിലും ഉദാഹരണത്തിന് യു.കെ.യിലും കനഡയിലും, ജർമനിയിലും ജാമിഅ നിലവിലുണ്ട്. ഞാൻ പറഞ്ഞതുപോലെ ഈ വർഷം കനഡ ജാമിഅയിൽ നിന്ന് മുബല്ലിഗിന്റെ ആദ്യത്തെ ബാച്ച് പുറത്ത് വരികയാണ് ഇൻശാ അല്ലാഹ്. അപ്രകാരം തന്നെ ഇന്തോനേഷ്യയിലും, ആഫ്രിക്കയിലെ ചില നാടുകളിലും ജാമിഅ നിലവിലുണ്ട്. ഇന്തോനേഷ്യയിലേയും ആഫ്രിക്കൻ നാടുകളിലെ ജാമിഅകളിലും അവിടെയുള്ള വിദ്യാർത്ഥികളാണ് പഠിക്കുന്നത്. അവരുടെ അവസ്ഥക്കനുസരിച്ച്കൊണ്ട് കഴിഞ്ഞുകൂടുന്നവരാണവർ. എന്നാൽ വിദേശരാഷ്ട്രങ്ങളിൽ നിന്ന് വരുന്ന വിദ്യാർത്ഥികൾ ഓർക്കേണ്ടത് വഖ്ഫ് ചെയ്ത നിലയിൽ അവരെ എവിടെ പറഞ്ഞയച്ചാലും അവിടേക്ക് പോകേണ്ടതാണ്. ഇതാണ് വഖ്ഫിന്റെ ആത്മാവ്. അവരെ യൂറോപ്പിൽ തന്നെ നിയമിക്കുന്നതാണെന്നതിൽ ഒരു നിർബന്ധവുമില്ല. ഇവിടെയുള്ള മുബല്ലിഗിനെ ആഫ്രിക്കയിലേക്ക് അയക്കുകയാണെങ്കിൽ അവിടുത്തെ കാലാവസ്ഥയിലും കഴിയേണ്ടതാണ്. അല്ലാഹുവിനുവേണ്ടി വഖ്ഫ് ചെയ്യാൻ തയ്യാറായെങ്കിൽ കാഠിന്യം സഹിക്കേണ്ടതിനും തയ്യാറാവേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ പല സൗകര്യങ്ങളുമുണ്ട്. എന്നാൽ ആരംഭത്തിൽ പോയിട്ടുള്ള മുബല്ലിഗീങ്ങൾക്ക് വളരെ ബുദ്ധിമുട്ട് സഹിക്കേണ്ടതായിവന്നു. ആരംഭത്തിലുള്ള മുബല്ലിഗീങ്ങൾ എങ്ങിനെയാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ചില സംഭവങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുന്നതാണ്. നമ്മുടെ ഒരു മുബല്ലിഗ് ഷാ മുഹമ്മദ് സയ്യിദ് സാഹിബ് ഒരു സംഭവം ഇപ്രകാരം പറയുന്നു. ഞാൻ തുടർച്ചയായി 18 വർഷം ഇന്തോനേഷ്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ വർഷത്തിനിടയിൽ ഞാൻ ആരുടെ മുമ്പിലും കൈനീട്ടിയിട്ടില്ല. തന്റെ പ്രതാപം എപ്പോഴും നില നിർത്തിപ്പോന്നു. തുച്ഛമായ അലവൻസ് കൊണ്ടായിരുന്നു ചിലവ് കഴിഞ്ഞിരുന്നത്. രണ്ട് നേരത്തെ ഭക്ഷണം തന്നെ വളരെ വിഷമിച്ചുകൊണ്ടായിരുന്നു കഴിഞ്ഞത്. തന്റെ എല്ലാ ആവശ്യങ്ങൾക്ക് വേണ്ടി റബ്ബിന്റെ വാതിൽ മുട്ടുകയുണ്ടായി. അപ്പോൾ അവൻ എന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. അദ്ദേഹം വീണ്ടും പറയുകയാണ്. ഞാൻ 18 വർഷം ഇന്തോനേഷ്യയിൽ പ്രവർത്തിച്ചതിനുശേഷം തിരിച്ചുവരാനുള്ള സമയം വന്നപ്പോൾ ഞാൻ വളരെയധികം സന്തോഷിച്ചു. കപ്പലിലാണ് യാത്ര ചെയ്തത്. അദ്ദേഹം പറയുകയാണ്. എന്റെ പക്കൽ ഒരു തലപ്പാവും രണ്ട് ജോഡി പഴയ സൽവാർ കമ്മീസും മാത്രമാണ് ഉണ്ടായിരുന്നത്. ഇതെല്ലാതെ കണ്ട് എന്റെ പക്കൽ വേറെയൊന്നും ഉണ്ടായിരുന്നില്ല. കപ്പലിലാണ് യാത്ര ചെയ്തിരുന്നത്. അക്കാലത്ത് വിമാനത്തെക്കുറിച്ച് ഊഹിക്കാൻ പോലും സാധിക്കുകയില്ല. യാത്രാമദ്ധ്യേ എന്റെ മനസ്സിൽ വന്നു, ഞാൻ ഒരു ദീർഘമായ കാലത്തിനുശേഷം നാട്ടിൽ തിരിച്ചുവരികയാണ്. ഞാൻ റബ്‌വയിൽ എത്തിയാൽ ധരിക്കാനുള്ള പുതിയ വസ്ത്രം എന്റെ പക്കലില്ല. - അക്കാലത്ത് ആദ്യം കറാച്ചിയിലാണ് വരാറുള്ളത് പിന്നെ അവിടന്ന് തീവണ്ടി മാർഗമാണ് റബ്‌വയിൽ എത്താറുള്ളത്. - ഞാൻ ഈ ധാരണയിലായിരുന്നു. ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ ഇത്തരത്തിലുള്ള ആഗ്രഹങ്ങൾ ഒരിക്കലും എന്റെ ഹൃദയത്തിൽ ഉണ്ടാവാൻ പാടുള്ളതല്ല ഇത് വഖ്ഫിന്റെ ആത്മാർത്ഥതയ്ക്ക് വിരുദ്ധമാണ് എന്ന തോന്നൽ ഹൃദയത്തിൽ പെട്ടെന്നുണ്ടായി. അപ്പോൾ തന്നെ ഞാൻ വളരെയധികം ഇസ്തിഗ്ഫാർ ചെയ്തു. കുറച്ചുദിവസങ്ങൾക്ക് ശേഷം സിങ്കപ്പൂർ തുറമുഖത്ത് കപ്പൽ നങ്കൂരമിട്ടു. ഞാൻ കപ്പലിന്റെ പിറക് വശത്ത് നിന്ന് കാഴ്ചകൾ കാണുകയായിരുന്നു. ഒരു വ്യക്തി തുണിയുടെ വലിയൊരു കെട്ട് എടുത്ത് കൊണ്ട് കപ്പലിൽ കയറുന്നതായി കണ്ടു. അദ്ദേഹം നേരെ കപ്പിത്താന്റെ അടുത്ത് പോകുകയും എന്തോ ചോദിക്കുകയും ചെയ്തു. കപ്പിത്താൻ അദ്ദേഹത്തെ എന്റെ അടുത്തേക്ക് പറഞ്ഞയച്ചു. അദ്ദേഹം എന്റെ അടുത്ത് വന്ന് ആലിംഗനം ചെയ്തു. എന്നിട്ട് പറഞ്ഞു. ഞാനൊരഹ്മദിയാണ്. തയ്യൽക്കാരനാണ്. താങ്കൾ വരുന്നതായും കുറച്ചുദിവസം സിങ്കപ്പൂരിൽ തങ്ങുന്നതാണെന്നുമുള്ള കാര്യം അൽഫസ്‌ലിലൂടെ അറിയാൻ സാധിച്ചു. അപ്പോൾ താങ്കൾക്ക് എന്തെങ്കിലും പാരിതോഷികം നൽകാമെന്ന ഒരാഗ്രഹം എന്റെ മനസ്സിലുണ്ടായി. ഇതിനുമുമ്പ് താങ്കളുടെ ഒരു ഫോട്ടോ ഞാൻ കണ്ടിരുന്നു. അത്കൊണ്ട് താങ്കളുടെ അളവും എനിക്കറിയാമായിരുന്നു. അതിനനുസരിച്ച് താങ്കൾക്ക് രണ്ട് ജോഡി പുതിയ ഡ്രസ്സും തലപ്പാവും തയ്യാറാക്കി കൊണ്ട്‌വന്നിരിക്കുന്നു. താങ്കൾ ഇത് സ്വീകരിച്ചാലും ഷാ സാഹിബ് പറയുന്നു. അല്ലാഹു എങ്ങിനെയാണ് എന്റെ ആഗ്രഹത്തെ പൂർത്തിയാക്കിത്തന്നത് എന്നോർത്ത് എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരികയുണ്ടായി. അദ്ദേഹം മുബല്ലിഗീങ്ങളെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

മുബല്ലിഗീങ്ങൾ വെറും അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിടുകയും മറ്റാരുടെ മുമ്പാകെ കൈനീട്ടാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അദൃശ്യമായ നിലയിൽ അവരുടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നു.

മുബല്ലിഗുമാരോട് മാത്രമല്ല മറിച്ച് ജീവിതം വഖ്ഫ് ചെയ്ത എല്ലാവരോടും അല്ലാഹു ഈ രീതിയിൽ പെരുമാറുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പ്രവർത്തനരംഗത്ത് ഇത്തരത്തിലുള്ള ദൃശ്യങ്ങൾ നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നു.

മൗലാനാ ഗുലാം അഹ്മദ് ബറഖ് സാഹിബിനെക്കുറിച്ച് അദ്ദേഹത്തിന്റെ മകൻ എഴുതുന്നു. അദ്ദേഹം ദീർഘകാലം വിദേശത്ത് സേവനം ചെയ്യുകയുണ്ടായി. തിരിച്ചുവന്നപ്പോൾ ജമാഅത്തിന്റെ വകയായി ഒരു ചെറിയ വീട് ലഭിച്ചു. അതും പഴകിയ വീടായിരുന്നു. അദ്ദേഹം ദീർഘകാലം വിദേശത്തായിരുന്നു താമസിച്ചിരുന്നത്. തിരിച്ചുവന്നപ്പോൾ പിതാവ് നമ്മുടെ കൂടെ ഉണ്ടാകുമല്ലോ എന്നോർത്ത് സന്തോഷിച്ചു. എന്നാൽ വീടിന്റെ അവസ്ഥ കണ്ട് ഇളയ സഹോദരൻ പറഞ്ഞു. വീട് പുതുക്കിപ്പണിയാൻ ജമാഅത്തിനോട് അപേക്ഷിക്കുക. എന്നാൽ മൗലാനാ സാഹിബിന് തന്റെ വഖ്ഫിനെക്കുറിച്ചുള്ള ചിന്തയായിരുന്നു എപ്പോഴും ഉണ്ടായിരുന്നത്. ഇതിലൊന്നിലും താൽപര്യമുണ്ടായിരുന്നില്ല. അദ്ദേഹം വളരെ സ്നേഹത്തോടുകൂടി മക്കളെ വിളിച്ച് അടുത്തിരുത്തി എന്നിട്ട് വളരെ ഹിഖ്മത്തോട് കൂടി വഖ്ഫ് ചെയ്തവരുടെ വിനയത്തെക്കുറിച്ചും മറ്റ് കാര്യങ്ങളും പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു. എല്ലാ ആഗ്രഹങ്ങളും ഒതുക്കിവെക്കുകയും എല്ലാ ആവശ്യങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുക എന്നത് വഖ്ഫ് ചെയ്തവരുടെ ലക്ഷ്യമാണ്. നിങ്ങളെല്ലാവരും എന്നെ സഹായിക്കുന്നവരായി മാറണം എന്നതാണ് എന്റെ ഹൃദയാഭിലാഷം. ഓരോ കാലടികളും എടുത്ത്‌വെക്കുമ്പോഴും ജീവിതത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സഹിച്ചുകൊണ്ട് അല്ലാഹുവിനെ സന്തുഷ്ടനാക്കുക.

ഇദ്ദേഹത്തെക്കുറിച്ച് മകൻ മറ്റൊരു സംഭവം ഇപ്രകാരം പറയുന്നു. ഞങ്ങളെല്ലാവരും നല്ല ജോലിയിലായിരുന്നു. അതുകൊണ്ട്

പിതാവ് റിട്ടയർ വാങ്ങി വീട്ടിൽ വന്ന് ഞങ്ങൾക്ക് ഖിദ്മത്ത് ചെയ്യാൻ അവസരം നൽകണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. ഈ ആഗ്രഹത്തെ പിതാവിനോട് പറയുകയും ചെയ്തു. അപ്പോൾ അദ്ദേഹം മറുപടിയായി പറഞ്ഞു. ഞാൻ ഇതിന്റെ മറുപടി നാളെ നൽകുന്നതാണ്. ഞങ്ങളെല്ലാവരും സന്തോഷിച്ചു. ഞങ്ങളുടെ ഈ ആഗ്രഹത്തെ സ്വീകരിച്ചുകൊണ്ടുള്ള മറുപടിയായിരിക്കും ലഭിക്കുക എന്ന് ഞങ്ങൾ ധരിച്ചു. പിറ്റേന്ന് ഞങ്ങളെല്ലാവരേയും അടുത്ത് ഒരുമിച്ചിരുത്തി എന്നിട്ട് പറഞ്ഞു. ഞാൻ അങ്ങേയറ്റം നിസ്സാരനായ ഒരാളാണ്. നിങ്ങളിന്നലെ എന്നോട് പറഞ്ഞിട്ടുള്ള കാര്യം എന്റെ മനസ്സിനെ വല്ലാതെ വേദനപ്പെടുത്തി. അല്ലാഹുവിനുവേണ്ടി ഇക്കാര്യം രണ്ടാമതും എന്നോട് പറയരുത്. വഖ്ഫ് ചെയ്ത നിലയിൽ തന്നെ ജീവിക്കുന്നതാണ്. അല്ലാഹു എന്നെ ഈ ലോകത്ത് നിന്ന് തിരിച്ചു വിളിക്കുന്നതുവരെ ആ നിലയിൽ തന്നെ ജീവിക്കുന്നതാണെന്നും അല്ലാഹുവിനോട് വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പറഞ്ഞ ഈ കാര്യം എന്റെ വാഗ്ദാനത്തിൽ നിന്ന് എന്നെ തെറ്റിച്ചുകളയുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ട് ഇനി ഒരിക്കലും എന്നോട് ഈ രീതിയിൽ സംസാരിക്കരുത്. അതിനുശേഷം അദ്ദേഹം പറഞ്ഞു. എന്റെ ഈ പ്രതിജ്ഞ പൂർത്തിയാക്കുന്നതിനുവേണ്ടി ദുആ ചെയ്യേണ്ടതാണ്. ഇവരാണ് ജീവിതം വഖ്ഫ് ചെയ്തതിന്റെയും ഉള്ളതിൽ തൃപ്തിപ്പെടുകയും ചെയ്യുക എന്നതിന്റെയും അവകാശങ്ങൾ നിറവേറ്റിയവർ.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ജീവിതം വഖ്ഫ് ചെയ്തവർ യാത്രയുടെ ക്ലേശങ്ങൾ സഹിക്കുന്നവരായിരിക്കണം. - അതായത് യാത്രയിൽ പല ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കും അതും സഹിക്കണം - ഗ്രാമങ്ങൾ തോറും ചുറ്റിക്കറങ്ങി നമ്മുടെ വരവിനെക്കുറിച്ചുള്ള അറിയിപ്പ് ജനങ്ങൾക്ക് നൽകേണ്ടതാണ്.

ആരംഭത്തിൽ ആഫ്രിക്കയിൽ പോയിട്ടുള്ള നമ്മുടെ മുബല്ലിഗീങ്ങളും ഇന്ത്യയിലുള്ള മുബല്ലിഗീങ്ങളും അവർ യാത്രയിലുണ്ടാകുന്ന ക്ലേശങ്ങൾ സഹിക്കുമായിരുന്നു. അവർക്ക് ലഭിക്കുന്ന യാത്രവിഭവം വളരെ കുറച്ചായിരുന്നു. പൈസയും കുറവായിരുന്നു. യാത്രയിലുണ്ടാകുന്ന ക്ലേശങ്ങൾ സഹിക്കുക മാത്രമല്ല ചെയ്യുന്നത്. മറിച്ച് ശത്രുക്കളെയും നേരിടേണ്ടതായി വരുന്നു. മൗലവി മുഹമ്മദ് നദീർ സാഹിബിന്റെ ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങളുണ്ട്. ശത്രുക്കൾ അദ്ദേഹത്തെ ഉപദ്രവിച്ചപ്പോൾ പുറത്ത് കാടുകളിൽ രാത്രി കഴിച്ചുകൂട്ടി. മുഴുവൻ രാത്രിയും കൊതുകിന്റെ ശല്യം സഹിച്ചുകൊണ്ടിരുന്നു. അവിടെയുള്ള കൊതുകുകളും വലിയ ഉപദ്രവകാരികളാണ്. ഇന്ന് ആഫ്രിക്കയിൽ ജമാഅത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സൽപ്പേരും പുരോഗതിയും ഇത്തരത്തിലുള്ള മഹൽവ്യക്തികളുടെ ത്യാഗത്തിന്റെ ഫലമാണ്. ഇതുമായി ബന്ധപ്പെട്ട ഒരു സംഭവം ഞാൻ പറയാം. മൗലാനാ സിദ്ദീഖ് സാഹിബ് അമൃത്സരി പറയുന്നു. - ഇദ്ദേഹം മൗലവി മുഹമ്മദ് നദീർ സാഹിബിന്റെ കൂടെ തബ്‌ലീഗിന് പോയതായിരുന്നു. - രണ്ടാംലോക മഹായുദ്ധത്തിന് ശേഷം 1940 ൽ ഞാനും മൗലവി മുഹമ്മദ് നദീർ സാഹിബും സിറാലിയോണിലെ ഒരു ഗ്രാമത്തിൽ തബ്‌ലീഗ് പരിപാടി ആവിഷ്കരിച്ചു. ഈ ഗ്രാമം ഫ്രീ ടൗണിൽ നിന്ന് 40 കിലോമീറ്റർ ദൂരത്തും നദിയുടെ അക്കരെയുമാണ്. തോണിയിലാണ് അവിടേക്ക് യാത്ര ചെയ്യുന്നത്. ചുരുക്കത്തിൽ മൗലവി നദീർ സാഹിബ് ആദ്യമെ തന്നെ അവിടെ ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചിരുന്നു. അതുകാരണം എതിർപ്പുമുണ്ടായിരുന്നു. അവിടെയുള്ള അധികമാളുകളും ഫാലാനി ഗോത്രത്തിൽ പെട്ടിട്ടുള്ള ആളുകളാണ്. തങ്ങളാണ് യഥാർത്ഥ മുസ്‌ലിംങ്ങളെന്നും അറബികളുമായി കൂടുതൽ ബന്ധം തങ്ങൾക്കാണെന്നുമുള്ള കാര്യത്തിൽ അവർ അഭിമാനിക്കാറുണ്ട്. ഏതായിരുന്നാലും ഞങ്ങൾ അവിടെ പോയി. പൊതുജനങ്ങളുടെ ഇടയിൽ ആദ്യമെതന്നെ തെറ്റായ കാര്യങ്ങൾ പ്രചരിച്ചിരുന്നു. അതുകൊണ്ട് രണ്ടാമതും വരികയാണെങ്കിൽ രാത്രിയിൽ തങ്ങാനുള്ള സ്ഥലം നൽകുകയില്ലെന്ന് അവർ പ്രതിജ്ഞയെടുത്തിരുന്നു. ഇസ്‌ലാമിന്റെയും അഹ്മദിയത്തിന്റെയും സന്ദേശം എത്തിക്കുകയും ജനങ്ങളിൽ തബ്‌ലീഗ് ചെയ്യുകയും ചെയ്യുക എന്നുള്ള ഒരു ലക്ഷ്യം മാത്രമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ആദ്യം പൊതുജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന തെറ്റിദ്ധാരണ നീക്കാൻ ശ്രമിക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ ഞങ്ങൾ ആ സ്ഥലത്തേക്ക് തോണി മുഖേന യാത്ര ചെയ്ത് മഗ്‌രിബ് സമയത്ത് അവിടെ എത്തി. ഞങ്ങൾ നേരെ ചീഫിന്റെ വീട്ടിലേക്കാണ് പോയത്. എന്തുകൊണ്ടെന്നാൽ ആ സമയത്ത് ചീഫിന്ന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് അതിഥികളെ സൽക്കരിക്കുന്നതിനുവേണ്ടി ഗ്രാന്റ് ലഭിക്കാറുണ്ട്. ഞങ്ങൾ അവിടെ എത്തിയപ്പോൾ ചീഫ് സ്ഥലത്തുണ്ടായിരുന്നില്ല. ബാക്കിയുള്ള ഉത്തരവാദിത്ത്വപ്പെട്ട ആളുകൾ അങ്ങേയറ്റം എതിർക്കാനും തുടങ്ങി. അവരുടെ കൂട്ടത്തിൽ ചിലർ ദയ കാണിച്ചിരുന്നുവെങ്കിലും മറ്റുള്ളവരുടെ എതിർപ്പ് കാരണം അവരും പ്രതികരിച്ചില്ല. നമ്മെക്കുറിച്ച് ചോദിക്കാനും ആരുമുണ്ടായിരുന്നില്ല. ഞങ്ങളുടെ കൂടെ അഹ്മദികളായ കുറച്ചു വിദ്യാർത്ഥികൾ മാത്രമാണ് ഉണ്ടായിരുന്നത്. അവർ അവിടുത്തെ നിവാസികൾ ആയതുകൊണ്ട് രാത്രി തങ്ങാനുള്ള സ്ഥലം കിട്ടി. അതുകൊണ്ട് അവർ ഞങ്ങളുടെ സാധനവും കൂടെക്കൊണ്ടുപോയി. ഗ്രാമത്തിൽ പുറത്തെ കാട്ടിൽ ഞങ്ങൾ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. നദിയുടെ തീരത്ത് വന്നപ്പോൾ അവിടെ കച്ചവടം ചെയ്തുകൊണ്ടിരുന്ന ലബ്നാനികളായ ചില കച്ചവടക്കാരുമായി പരിചയപ്പെട്ടു. അതിൽ ഒരു കച്ചവടക്കാരനുമായി അറബിയിൽ സംസാരിച്ചു. ഞങ്ങളുടെ അറബി സംസാരം കേട്ട് അദ്ദേഹത്തിൽ സ്വാധീനമുണ്ടായി. അദ്ദേഹം ഞങ്ങളെ കൂടെ കൊണ്ടുപോയി, അവിടെയും തബ്‌ലീഗ് നടന്നു. രാത്രിയിലുള്ള ഭക്ഷണം തരികയും ചെയ്തു. എന്നാൽ രാത്രി 10 മണിക്ക് അവിടുന്ന് എഴുന്നേറ്റ് തിരിച്ചുപോന്നു. രാത്രിയിൽ തങ്ങാനുള്ള ഒരു സ്ഥലവും ഞങ്ങൾക്കില്ലെന്ന് ഞങ്ങളും പറഞ്ഞില്ല, അദ്ദേഹവും ചോദിച്ചില്ല. അതിനുശേഷം ഞങ്ങൾ നദിയുടെ തീരത്തുവന്നിരുന്നു. ആ പ്രദേശം മുഴുവനും വിഷമുള്ള പാമ്പുകൾ കൊണ്ടും വന്യമൃഗങ്ങൾ കൊണ്ടും നിറഞ്ഞ സ്ഥലമായിരുന്നു. പുഴയിൽ മുതലയുമുണ്ട്. അതും അക്രമിച്ചുകൊണ്ടിരിക്കാറുമുണ്ട്. എന്നാൽ അല്ലാഹു അനുഗ്രഹിച്ചു. എല്ലാ മൃഗങ്ങളിൽ നിന്നും അല്ലാഹു ഞങ്ങളെ സംരക്ഷിച്ചു. ഉറക്കം വരുന്നില്ലായിരുന്നു, ഈ അവസ്ഥയിൽ എങ്ങിനെ ഉറക്കം വരാനാണ്. ഗ്രാമത്തിന്റെ ഒരു ഭാഗത്ത് നിന്ന് മറുഭാഗത്തേക്ക് നടന്നുകൊണ്ടിരുന്നു. പാതിരാത്രിയായപ്പോൾ നദിയുടെ തീരത്ത് വീണ്ടും വന്നിരുന്നു. ഞങ്ങൾക്ക് മനഃപാഠമായി അറിയുന്ന ഖുർആൻ അന്യോന്യം ഓതിക്കേൾപ്പിക്കാൻ തുടങ്ങി. പിന്നീട് ആ ആയത്തുകളുടെ വ്യഖ്യാനത്തെക്കുറിച്ചും സംസാരിച്ചു. ചുരുക്കത്തിൽ മതപരമായ കാര്യങ്ങളാണ് സംസാരിച്ചുകൊണ്ടിരുന്നത്. കുറച്ചുകഴിഞ്ഞപ്പോൾ അല്ലാഹു ഈ ഗ്രാമവാസികൾക്ക് ഹിദായത്ത് നൽകണമേ എന്നും ജമാഅത്തിന് പുരോഗതിയുണ്ടാകണമേ എന്നും പറഞ്ഞുകൊണ്ട് സുദീർഘമായൊരു ദുആ മൗലവി നദീർ സാഹിബ് ചെയ്യുകയുണ്ടായി. പിന്നീട് വീണ്ടും നടക്കാൻ തുടങ്ങി. അങ്ങിനെ 3 മണിയോട് അടുത്തപ്പോൾ ഗ്രാമത്തിലെ പള്ളിയിൽ പോയി തഹജ്ജുദ് നമസ്ക്കരിക്കാമെന്ന ഉദ്ദേശത്തിൽ അവിടുന്ന് എഴുന്നേറ്റു. ഗ്രാമത്തിലുള്ള ഒരു പള്ളിയിൽ പ്രവേശിച്ചു. - ഞങ്ങളാണ് യഥാർത്ഥ മുസ്‌ലിംങ്ങളെന്ന് വാദിക്കുന്ന ആളുകളുടെ പള്ളിയുടെ അവസ്ഥ നോക്കുക - ഞങ്ങൾ പള്ളി

യിൽ പ്രവേശിച്ചപ്പോൾ പെട്ടെന്ന് ഇരുട്ടിൽ നിന്ന് ഒരു ഭയാനകമായ ശബ്ദം വരാൻ തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ പള്ളിയിൽ നിന്ന് ആടുകളുടെ ഒരു കൂട്ടം പുറത്തേക്ക് വന്നു. പിന്നീട് ഞങ്ങൾ പള്ളി വൃത്തിയാക്കി, മുസല്ല വിരിച്ചുകൊണ്ട് തഹജ്ജുദ് നമസ്ക്കരിച്ചു. ഫജറിന്റെ സമയമായപ്പോൾ ഫജറ് ബാങ്ക് കൊടുത്തു. ബാങ്ക് കേട്ടപ്പോൾ ആളുകൾ ഞങ്ങളുടെ അടുത്തേക്ക് വരാൻ തുടങ്ങി. കൂട്ടത്തിൽ അമുസ്ലിംകളും ഉണ്ടായിരുന്നു. മുസ്ലിംകളുടെ വലിയൊരു ലീഡറും ഉണ്ടായിരുന്നു. രാത്രിയിൽ ആരെങ്കിലും തങ്ങാനുള്ള സ്ഥലം നൽകുകയും നമ്മുടെ പള്ളി അധീനപ്പെടുത്തുകയും ചെയ്തുവോ എന്ന് അറിയാനാണ് അദ്ദേഹം വന്നത്. ഏതായിരുന്നാലും ഞങ്ങൾ നമസ്ക്കരിച്ചു. ഞങ്ങൾ നമസ്ക്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഇവർ ഞങ്ങളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഇവരുടെ ആരാധനയിൽ ഒരു വ്യത്യാസവുമില്ലല്ലൊ, ഇവരുടെ ബാങ്ക് വേറെയാണ് നമസ്ക്കാരം വേറെയാണ് എന്ന് പറയുന്നത് തെറ്റായ കാര്യമാണ്. നമസ്ക്കാരത്തിലുള്ള വ്യത്യാസം അഹ്മദികൾ കൈകെട്ടിയാണ് നമസ്ക്കരിക്കുന്നത്.-അവിടെയുള്ളവർ അധികപേരും ഹദ്റത്ത് ഇമാം മാലികിൽ വിശ്വസിക്കുന്നവരാണ്. അതുകൊണ്ട് കൈകെട്ടാതെയാണ് നമസ്ക്കരിക്കാറുള്ളത് - ഈയൊരു വ്യത്യാസം മാത്രമേയുള്ളൂ. ചുരുക്കത്തിൽ ഈ രീതിയിലുള്ള ഒരു തിരിച്ചറിവ് അവർക്കുണ്ടായി. പക്ഷെ എന്നിട്ടും എതിർപ്പിൽ കുറവൊന്നും വന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവർ നമസ്ക്കരിക്കുന്നതിൽ നിന്നും തടഞ്ഞില്ല. നമസ്ക്കാരത്തിനുശേഷം ഞങ്ങൾ തിരിച്ചുപോന്നു. അവിടെ ഇത്തരം അവസ്ഥയും ഉണ്ടായിട്ടുണ്ട്. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്ത് വ്യാപിക്കുകയുണ്ടായി. ജ്ഞാനത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ മുബല്ലിഗുമാർ ചെയ്തിട്ടുള്ള മതപരമായ പ്രവർത്തനമാണിത്. ചുരുക്കത്തിൽ വഖ്ഫ് ചെയ്ത ഒരു വ്യക്തിക്ക് തന്റെ ആഗ്രഹങ്ങളെ ത്യാഗം ചെയ്യേണ്ടതായും കഷ്ടപ്പാടുകളിലും ബുദ്ധിമുട്ടുകളിലും കടന്നുപോകേണ്ടതായും വരുന്നു. ഞാൻ പറഞ്ഞതുപോലെ ഇന്നും ഈ അവസ്ഥ നമുക്ക് കാണാൻ സാധിക്കുന്നു. നമ്മുടെ പുതുതായി വരുന്ന മുറബ്ബിമാരും മുബല്ലിഗീങ്ങളും വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ളവരും ഈ കാര്യങ്ങളെ മുൻനിർത്തിക്കൊണ്ട് പഠിക്കുന്ന സമയത്തും, പ്രവർത്തനരംഗത്തും ഈ രീതിയിൽ പ്രവർത്തിക്കുവാൻ വേണ്ടി തങ്ങളെ തയ്യാറാക്കേണ്ടതും ഈയൊരു ആത്മാവുമായാണ് പ്രവർത്തനരംഗത്ത് പോവേണ്ടതും. ജാമിഅയിലുള്ള ധാരാളം കുട്ടികൾ എന്റെ മുന്നിലിരിക്കുന്നുണ്ട്. ഇപ്പോൾ തന്നെ ഇതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങേണ്ടതാണ്. ഇതില്ലാതെകണ്ട് നമുക്കൊരിക്കലും ദീനിനെ പ്രചരിപ്പിക്കാൻ സാധിക്കുകയില്ല. ഇതില്ലെങ്കിൽ പ്രവർത്തനരംഗത്തെ ഭയപ്പെടുക എന്നല്ലാതെ മറ്റൊന്നുംതന്നെ നടക്കുകയില്ല. അതുകൊണ്ട് ഇപ്പോൾതന്നെ ഈ ബുദ്ധിമുട്ടുകൾ സഹിക്കുന്നതിനുവേണ്ടി തങ്ങളെ സജ്ജരാക്കുക. ജാമിഅയിൽ പഠിക്കുന്നവരോടാണ് ഞാൻ ഈ കാര്യം പ്രത്യേകമായി പറയുന്നത്. ഇപ്പോൾ ലോകത്തുള്ള പല സ്ഥലങ്ങളിൽ നിന്നുള്ള വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള അധിക കുട്ടികളും ജാമിഅയിൽ പഠിക്കുന്നവരാണ്. അവർ ആദ്യം തങ്ങളുടെ മാതാപിതാക്കളുടെ പ്രതിജ്ഞയേയും പിന്നീട് തങ്ങളുടെ പ്രതിജ്ഞയേയും ജമാഅത്തിലെ മഹൽവ്യക്തികളുടെ ത്യാഗത്തേയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ആഗ്രഹത്തേയും മുന്നിൽ വെക്കേണ്ടതാണ്. ഈ കാര്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് അല്ലാഹുവിനോട് ചെയ്തിട്ടുള്ള പ്രതിജ്ഞ പൂർത്തിയാക്കാൻ അങ്ങേയറ്റം ശ്രമിക്കേണ്ടതാണ്. ഇതാണ് വഖ്ഫിന്റെ ആത്മാവ്. ഈ കാര്യം വഖ്ഫ് ചെയ്തിട്ടുള്ള എല്ലാവരും മുന്നിൽ വെക്കേണ്ടതാണ്. ഞാൻ മുമ്പ് പറഞ്ഞതുപോലെ മുബല്ലിഗിന്റെയും മുറബ്ബിയുടേയും ഒരു പ്രതാപമുണ്ടെന്ന് ഓർക്കുക. അതുകൊണ്ട് വിനയം കാണിക്കേണ്ടതാണ്. ഒരു മുബല്ലിഗിന് വിനയം വളരെ ആവശ്യമാണ്, പക്ഷെ പ്രതാപത്തെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. മൗലവി സാഹിബ് ഉപദേശിച്ചതുപോലെ തങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആരുടെ മുന്നിലും പറയാൻ പാടുള്ളതല്ല. തങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും എപ്പോഴും അല്ലാഹുവിന്റെ മുന്നിൽ വെക്കുക. അല്ലാഹു പൂർത്തിയാക്കിത്തിരുന്നതാണ്. ഇക്കാര്യത്തിൽ എനിക്ക് സ്വന്തം അനുഭവവുമുണ്ട്. ഞാൻ ഘാനയിൽ താമസിച്ചപ്പോൾ വളരെ ബുദ്ധിമുട്ടുള്ള നിലയിലായിരുന്നു കഴിഞ്ഞുകൂടിയിരുന്നത്. എന്നാൽ അല്ലാഹു എന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തന്നു. ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് മാത്രം ചോദിക്കുക. ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിക്കുക, പക്ഷെ തന്റെ പ്രതാപത്തെ ഒരിക്കലും കളഞ്ഞുകുളിക്കരുത്. ഇക്കാര്യം പുതുതായി വരുന്നവരോട് മാത്രമല്ല വരുന്നത്. മറിച്ച് പ്രവർത്തനരംഗത്തുള്ള പഴയ ആളുകളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ മറന്നുപോകുന്നു, അല്ലെങ്കിൽ ഭൗതികമായ ആളുകളെ കണ്ടുകൊണ്ട് തങ്ങളുടെ ആഗ്രഹങ്ങൾ വർദ്ധിക്കുന്നു. ജമാഅത്തിന്റെ ദൃഷ്ടിയിലും കേന്ദ്രത്തിന്റെ ദൃഷ്ടിയിലും ജമാഅത്തംഗങ്ങളുടെ ദൃഷ്ടിയിലും ഓരോ മുബല്ലിഗും ഖലീഫയുടെ പ്രതിനിധികളാണ്. അതുകൊണ്ട് ഈ പ്രാതിനിധ്യത്തിന് കോട്ടം തട്ടുന്ന വിധത്തിലുള്ള ഒരു ചലനവും ഉണ്ടാവാൻ പാടുള്ളതല്ല. ചിലപ്പോൾ ഭാര്യാമക്കൾ കാരണമായി നിർബന്ധിതസാഹചര്യത്തിൽ ചില ബുദ്ധിമുട്ടുകൾ പ്രകടിപ്പിക്കുന്നു. ജമാഅത്ത് കഴിവിന്റെ പരമാവധി മുബല്ലിഗീങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കാൻ ശ്രമിക്കുന്നുണ്ട്, ശ്രമിക്കേണ്ടതുമാണ്. എന്നാൽ ഇക്കാലത്ത് ജീവിതനിലവാരം വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിൽ. ശ്രമിച്ചിട്ടും വിലവർദ്ധനവിനെ നേരിടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എന്നാൽ തങ്ങളുടെ ബുദ്ധിമുട്ടുകൾ ആരുടെ മുന്നിലും പ്രകടിപ്പിക്കാൻ പാടുള്ളതല്ലെന്നതിലാണ് ഓരോ മുബല്ലിഗിന്റെയും മുറബ്ബിയുടേയും പ്രതാപം. കരയണമെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ കരയുക. അവനോട് മാത്രം ചോദിക്കുക. ഞാൻ മുമ്പ് മഹത്വ്യക്തികളുടെ ഉദാഹരണം പറഞ്ഞുവല്ലൊ. ഇന്നും ഈ വിധത്തിലുള്ള ത്യാഗങ്ങൾ ചെയ്യുന്നവരുണ്ട്. എന്നാൽ ചിലർ അക്ഷമരാവുന്നു. വഖ്ഫിൽ നിന്ന് പിന്തിരിയുന്നു. മറ്റുള്ളവരെ കണ്ടുകൊണ്ട് തങ്ങളുടെ ആഗ്രഹങ്ങളും വർദ്ധിപ്പിക്കുകയാണെങ്കിൽ ഈ അവസ്ഥയാണ് ഉണ്ടായിത്തീരുക. ഒന്നുകിൽ വഖ്ഫിൽ നിന്ന് പിന്തിരിയുന്നു. അല്ലെങ്കിൽ കടക്കെണിയിലാകുന്നു. തങ്ങളുടെ കഴിവിനനുസരിച്ച് ജീവിതം നയിക്കുക എന്നത് വഖ്ഫ് ചെയ്ത ഓരോ ആളുടേയും ഉത്തരവാദിത്ത്വമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വഖ്ഫ് ചെയ്തവരുടെ ഭാര്യമാരും ഉള്ളതിൽ തൃപ്തിപ്പെട്ടുകൊണ്ട് ജീവിക്കാൻ ശ്രമിക്കേണ്ടതാണെന്ന് ഞാൻ ഉപദേശിക്കുകയാണ്. വഖ്ഫ് ചെയ്ത വ്യക്തികളുടെ ഭാര്യമാർ അവരുടെ ആഗ്രഹങ്ങൾ പൂർത്തിയാക്കാൻ വേണ്ടി സാധിക്കാത്ത ആവശ്യങ്ങൾ ഉന്നയിച്ച് അവരുടെ ഭർത്താക്കന്മാരെ പരീക്ഷണത്തിൽ അകപ്പെടുത്തരുതെന്ന് ഞാൻ ഉപദേശിക്കുന്നു. ഏതൊരു മഹത്തായ പ്രവർത്തനത്തിന് വേണ്ടിയാണോ ഇവർ ജീവിതം വഖ്ഫ് ചെയ്തിട്ടുള്ളത് ആ കാര്യത്തിൽ അവരുടെ സഹായികളായി മാറുക എന്നതും ഭാര്യമാരുടെ ഉത്തരവാദിത്ത്വമാണ്. ഓരോ മുബല്ലിഗും മുറബ്ബിയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ നിർദ്ദേശത്തെ എപ്പോഴും മുന്നിൽ കാണേണ്ടതാണ്, അദ്ദേഹം മദ്രസാ അഹ്മദിയ്യക്ക് തുടക്കം കുറിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. ഈ മദ്രസ ഇസ്ലാം പ്രചരിപ്പിക്കുന്നതിനുള്ള ഒരു നിമിത്തമായി മാറട്ടെ. ഇതിൽ നിന്ന് ഭൗതിക ജോലി

യും അതിന്റെ ലക്ഷ്യവും ഉപേക്ഷിച്ചുകൊണ്ട് വെറും ദീനിനെ സ്വീക രിച്ചുകൊണ്ട് ജീവിതം വഖ്ഫ് ചെയ്ത പണ്ഡിതന്മാർ ഉണ്ടാവട്ടെ. അവർ അറബിയിലും ദീനീപരമായ അറിവിലും നൈപുണ്യം നേടി യവരായിരിക്കണം.

ഇതനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് നമ്മുടെ മുബല്ലിഗീ ങ്ങൾക്കും മുറബ്ബികൾക്കും അല്ലാഹു നൽകുമാറാകട്ടെ. വഖ്ഫെ നൗവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയാനുണ്ട്. വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള ധാരാളം ആൺകുട്ടികളും പെൺകുട്ടികളും മതപരമായ അറിവ് കരസ്ഥമാക്കാൻ ജാമിഅയിൽ അഡ്മിഷൻ വാങ്ങാൻ ഇഷ്ടപ്പെടുന്നില്ല. മറ്റു പല മേഖലകളിലേക്കും പോകു ന്നു. ജമാഅത്തിന് ഇത്തരത്തിലുള്ള വഖ്ഫ് ചെയ്തവരെയും ആവ ശ്യമുണ്ട്. പല ഫീൽഡിലേക്കും പോയി പ്രവർത്തിക്കേണ്ടതായി വരും. അതുകൊണ്ട് വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾ അവരുടെ വിദ്യാഭ്യാസത്തിന്റെ ഓരോ സ്റ്റേജിനും ഞങ്ങൾ ഇന്നതാണ് പഠിച്ചത്, ഇനി അങ്ങോട്ട് ഇന്നതാണ് പഠിക്കാൻ ഉദ്ദേശിക്കുന്നത് എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചുകൊണ്ട് കേന്ദ്രത്തിൽ നിന്ന് മാർഗദർശനം തേടേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ 15 വയ സ്സിന് മുകളിലുള്ള വഖ്ഫെ നൗവിൽ ഉൾപെട്ടിട്ടുള്ള ആൺകുട്ടിക ളുടേയും പെൺകുട്ടികളുടേയും അംഗസംഖ്യ 14500 വരെ എത്തി യിരിക്കുന്നു. മൊത്തത്തിലുള്ള അംഗസംഖ്യ 40000 ആണ്. ഒന്നാ മത്തെ കാര്യം ഈ പ്രായത്തിൽ എത്തിയവർ വഖ്ഫ് നിലനിർത്തു ന്നുണ്ടോ ഇല്ലയോ എന്നുള്ള ഫോം പൂരിപ്പിക്കേണ്ടതാണ്. കാരണം വഖ്ഫ് നിലനിർത്തേണമോ വേണ്ടയോ എന്നുള്ള കാര്യം ആലോചിച്ച് തീരുമാനിക്കേണ്ട പ്രായം ഇതാണ്. ആദ്യം മാതാപിതാക്കളാണ് കുട്ടി കളെ വഖ്ഫ് ചെയ്യുന്നത്. ഇപ്പോൾ കുട്ടികൾ സ്വയം വഖ്ഫ് ചെയ്യേ ണ്ടതാണ്. വഖ്ഫ് നിലനിർത്തുന്നുണ്ടെങ്കിൽ കേന്ദ്രത്തിൽ അറിയി ക്കേണ്ടതാണ്. അതിനുശേഷം ഞങ്ങൾ ജാമിഅയിൽ ചേർന്നുകൊണ്ട് പഠിക്കാൻ ആഗ്രഹിക്കുന്നില്ല, പക്ഷെ ഇന്നിന്ന കാര്യത്തിലാണ് ഞങ്ങൾക്ക് ആഗ്രഹമുള്ളത് അതുകൊണ്ട് ഞങ്ങൾ എന്താണ് പഠി ക്കേണ്ടതെന്നുള്ള മാർഗദർശനവും കേന്ദ്രത്തിൽ നിന്ന് വാങ്ങേണ്ട താണ്. ഞാൻ പറഞ്ഞതുപോലെ നിങ്ങളുടെ ആഗ്രഹങ്ങൾ പ്രകടി പ്പിക്കാം. പക്ഷെ അത് മർക്കസിനെ അറിയിക്കേണ്ടതാണ്. അപ്പോൾ മർക്കസിൽ നിന്ന് അവർക്ക് മാർഗദർശനം ലഭിക്കുന്നതാണ്. ഇക്കാ ര്യത്തിൽ വഖ്ഫെ നൗ സെക്രട്ടറിയും കർമ്മനിരതരാവേണ്ടതാണ്. ഇവർ കർമ്മനിരതരാവുകയാണെങ്കിൽ ഇവരുമായി ബന്ധപ്പെട്ടിട്ടുള്ള ജമാഅത്തിലുള്ള വഖ്ഫെ നൗ കുട്ടികളുടെ കാര്യങ്ങൾ കേന്ദ്രത്തിന് അറിയിച്ചുകൊണ്ടിരിക്കും. അതിനുശേഷം എന്താണ് ചെയ്യേണ്ടത്, എന്താണ് ചെയ്യാൻ പാടില്ലാത്തതെന്നുള്ള കാര്യം കേന്ദ്രം പറഞ്ഞുത രും. പഠിക്കണമോ അതല്ല കേന്ദ്രത്തിൽ വന്നുകൊണ്ട് സേവനം ചെയ്യ ണമോ എന്നുള്ള കാര്യവും കേന്ദ്രം അറിയിക്കുന്നതാണ്. നിങ്ങൾ സ്വയം തീരുമാനമെടുക്കുക എന്നത് വഖ്ഫെ നൗ കുട്ടികളുടേയും മാതാപിതാക്കളുടേയും ജോലിയല്ല. സ്വയം തീരുമാനിക്കണമെന്നു ണ്ടെങ്കിൽ ഞാൻ ഈ തീരുമാനം സ്വന്തമായി എടുത്തിരിക്കുന്നു. അതുകൊണ്ട് വഖ്ഫ് നിലനിർത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല അതിൽ നിന്നും ഞാൻ പിന്തിരിയുന്നുവെന്ന് കേന്ദ്രത്തെ അറിയി ക്കേണ്ടതാണ്. അത്തരം കുട്ടികളെ വഖ്ഫെ നൗവിന്റെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനുവേണ്ടി. 15 വയസ്സുള്ള കുട്ടികൾ തങ്ങളുടെ ഫോം പൂരിപ്പിച്ചു കഴിഞ്ഞാൽ പിന്നെ തിരിച്ചുപോകാൻ പാടില്ല എന്നുള്ള തായിരുന്നു ഇതുവരെയുള്ള നിർദ്ദേശം. എന്നാൽ ഞാൻ ഈ വാതിലും തുറന്നുതരുന്നു. പഠനം പൂർത്തിയാക്കിക്കഴിഞ്ഞാൽ വീണ്ടും എഴുതേണ്ടതാണ്. ഇത് എഴുതിപ്പിക്കുക എന്നത് സെക്രട്ട റിമാരുടെ ജോലിയാണ്. 15 വയസ്സിന് മുകളിലുള്ള വഖ്ഫെ നൗവിൽ ഉൾപ്പെട്ടിട്ടുള്ള 10 ശതമാനം കുട്ടികൾ ലോകത്തുള്ള പല ജാമിഅകളിലും മതപരമായ പഠനം നടത്തുന്നവരാണ്. 90 ശതമാനം കുട്ടികളും മറ്റുള്ള വിദ്യാഭ്യാസമാണ് കരസ്ഥമാക്കുന്ന ത്. അവർ കോളേജുകളിലോ യൂനിവേർസിറ്റികളിലോ പഠിക്കു ന്നവരോ പഠനം പൂർത്തിയാക്കിയവരോ അല്ലെങ്കിൽ തൊഴിൽ സംബന്ധമായിട്ടുള്ള ഹയർസ്റ്റഡി നടത്തുന്നവരുമാണ്. ഇതിനെ സംബന്ധിച്ചും വളരെ കൃത്യമായ റിപ്പോർട്ട് തയ്യാറാകേണ്ടതാണ്. ഈ 90 ശതമാനം കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് കേന്ദ്ര ത്തിന് അറിവില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയക്കുക. അപ്രകാരം തന്നെ വഖ്ഫെ നൗവിൽ ഉൾപെട്ടിട്ടുള്ള കുട്ടികൾ അവർ ജാമിഅയിൽ പഠിക്കുന്നവരാണെങ്കിലും അല്ലെങ്കിലും മതപരമായ അറിവ് കര സ്ഥമാക്കുക എന്നത് നിർബന്ധമായ കാര്യമാണ്. ആയതിനാൽ അവർക്ക് വേണ്ടി ഒരു സിലബസ്സും തയ്യാറാക്കിയിട്ടുണ്ട്. അത് 15 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള സിലബസ്സായിരുന്നു. എന്നാൽ ഇപ്പോൾ 19 വയസ്സുവരെയുള്ള കുട്ടികൾക്കായുള്ള സിലബസ്സ് തയ്യാറാക്കിയിട്ടുണ്ട്. അത് പഠിക്കുകയും അതിന്റെ പരീക്ഷ നടത്തുകയും ചെയ്യുക എന്നത് നിർബന്ധമായ കാര്യമാ ണ്. 19 വയസ്സ് വരെയുള്ള സിലബസ്സ് 20 വയസ്സ് വരെ നീട്ടാവു ന്നതാണ്. ഇതിൽ 100 ശതമാനം വഖ്ഫ് ചെയ്ത കുട്ടികളും പങ്കെ ടുക്കുന്നുണ്ടോ എന്ന് നോക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദി ത്ത്വമാണ്. അവരുടെ പരീക്ഷ നടത്തി അതിന്റെ റിസൽറ്റ് കേന്ദ്ര ത്തിന് അയച്ചുതരേണ്ടതാണ്. പല സന്ദർഭങ്ങളിലും കേന്ദ്രത്തിൽ നിന്ന് വഖ്ഫെ നൗവുമായി ബന്ധപ്പെട്ടിട്ടുള്ള നിർദേശങ്ങൾ അയ ക്കാറുണ്ട്. എന്നാൽ അധിക ജമാഅത്തും അതിന്റെ മറുപടി അയ ക്കുന്നില്ല. അതുകൊണ്ട് മുമ്പു കാര്യങ്ങൾ സർക്കുലർ മുഖേന ജമാഅത്തിനെ അറിയിച്ചതാണെങ്കിലും ഓർമ്മിക്കുന്നതിനുവേണ്ടി ആ നിർദേശങ്ങൾ വീണ്ടും പറയുകയാണ്. അതിലൊന്ന് കുട്ടി ജനിക്കുന്നതിനു മുമ്പ് മാതാപിതാക്കൾ കത്തിലൂടെ ഞങ്ങൾക്ക് ജനിക്കുന്ന കുട്ടിയെ വഖ്ഫെ നൗവിൽ ഉൾപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്ന് അറിയിക്കേണ്ടതാണ്. ചിലപ്പോൾ കുട്ടി കൾ ജനിച്ചതിനുശേഷമാണ് മാതാപിതാക്കൾ, ഞങ്ങൾ മറന്നു പോയി, ചില തടസ്സങ്ങൾ നേരിട്ടു എന്നും പറഞ്ഞ് അപേക്ഷ നൽകുന്നത്. ഇതൊരിക്കലും ശരിയല്ല. തുടക്കത്തിലെ അപേക്ഷ നൽകേണ്ടത് നിർബന്ധമാണ്. തുടക്കത്തിൽ അപേക്ഷ നൽകി യവരുടെ അപേക്ഷയാണ് സ്വീകരിക്കുന്നത്. ഈയൊരു രീതി യാണ് വഖ്ഫെ നൗ ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ ഒരു കാര്യം കൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. അതായത് വഖ്ഫ് ചെയ്തുകൊണ്ടുള്ള അപേക്ഷ അയക്കുമ്പോൾ അതിൽ അവരുടെ മറ്റുള്ള പ്രശ്നങ്ങളും എഴുതുന്നു. ഇതുമായി ബന്ധ പ്പെട്ടിട്ടുള്ള വകുപ്പുകൾ വേറെയാണ്. അവരാണ് അതിന് മറു പടി നൽകേണ്ടത്. വഖ്ഫെ നൗവുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യ ങ്ങൾക്ക് വഖ്ഫെ നൗ മറുപടി നൽകുന്നതാണ്. അതുകൊണ്ട് കുട്ടികളെ വഖ്ഫ് ചെയ്തുകൊണ്ട് കത്തയക്കുന്ന മാതാപിതാ ക്കൾ, അവർക്ക് മറ്റ് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് വേറെ കത്തിൽ അറിയിക്കേണ്ടതാണ്. അതുപോലെ വഖ്ഫ് ചെയ്യുന്ന കുട്ടികളുടെ മാതാപിതാക്കളാണ് അപേക്ഷ നൽകേണ്ടത്. അല്ലാതെ അവരുടെ ബന്ധുക്കളുടെ അപേക്ഷ സ്വീകരിക്കുന്നതല്ല. കുട്ടികളെ വഖ്ഫ് ചെയ്ത്കൊണ്ട് ദുആ ചെയ്യേണ്ടത് നിങ്ങളാണ്. അതുകൊണ്ട് മാതാ പിതാക്കളാണ് അപേക്ഷ നൽകേണ്ടത്. അവരുടെ തർബിയത്തും

തഅ്ലീമും നൽകുക എന്നത് നിങ്ങളുടെ ഉത്തരവാദിത്ത്വമാണ്. ആഫ്രിക്കയെപ്പോലുള്ള ചില രാജ്യങ്ങളിൽ നിർദേശങ്ങൾ പരിപൂർണ്ണമായി പ്രാവർത്തികമാക്കുന്നില്ല. അവർ കുട്ടികളുടെ ലിസ്റ്റ് എടുക്കുന്നു. എന്നിട്ട് പറയുന്നു, കുട്ടി വഖ്ഫെ നൗവിൽ ഉൾപ്പെട്ടിരിക്കുന്നു. പിന്നെ ജനിച്ചതിനുശേഷം സ്വയം വഖ്ഫെ നൗവിൽ ഉൾപ്പെടുന്നു. എന്നാൽ ഏതുവരെ കേന്ദ്രത്തിൽ നിന്ന് ഇതുസംബന്ധമായ ക്ലിയറൻസ് ലഭിക്കുന്നില്ലയോ അതുവരെ ഒരു കുട്ടിയും വഖ്ഫെ നൗവിൽ ഉൾപ്പെടുന്നതല്ല. ജനിച്ചതിനുശേഷമുള്ള കാര്യത്തെക്കുറിച്ചുള്ള പ്രശ്നം തന്നെ ഉദിക്കുന്നില്ല. അപ്രകാരം തന്നെ ഏതെങ്കിലും ബന്ധുവിന്റെ കുട്ടിയെ ദത്തെടുക്കാൻ ആഗ്രഹിക്കുകയും കുട്ടി ജനിക്കുന്നതിനു മുമ്പെ വഖ്ഫെ നൗവിൽ ഉൾപ്പെടുത്താൻ വേണ്ടി കേന്ദ്രത്തെ അറിയിക്കുകയും ചെയ്യുന്നു. നിങ്ങൾ ദത്തെടുത്തതായിരിക്കാം എന്നിരുന്നാലും ആ കുട്ടി ആരുടെ കുട്ടിയാണോ അയാളുടെ പേരായിരിക്കും കുട്ടിയുടെ പിതാവിന്റെ പേരായി എഴുതുന്നത്. അതുപോലെതന്നെ കുട്ടി ജനിച്ചതിനുശേഷം കേന്ദ്രത്തിലെ റെക്കോർഡിൽ കുട്ടിയുടെ പേരും നമ്പറും മാതാപിതാക്കൾ രേഖപ്പെടുത്തേണ്ടതാണ്. ചിലപ്പോൾ മാതാപിതാക്കൾ രേഖപ്പെടുത്താറില്ല. അറിയിച്ചിട്ടും രേഖപ്പെടുത്താറില്ല. പിന്നീട് കുറേ വർഷങ്ങൾക്ക് ശേഷം ഞങ്ങളുടെ റിക്കാർഡ് പൂർത്തിയല്ല എന്ന പരാതിയുമായി വരുന്നു. ഈ ഉത്തരവാദിത്ത്വം മാതാപിതാക്കളുടേതാണ്. അതുപോലെ കുട്ടിക്ക് 15 വയസ്സ് പൂർത്തിയായാൽ സെക്രട്ടറി സാഹിബ് കുട്ടിയുടെ വഖ്ഫ് പുതുക്കേണ്ടതാണ്. ഈ കാര്യം ഞാൻ മുമ്പ് പറഞ്ഞുവല്ലോ. അതുമാത്രമല്ല ഞാൻ മുമ്പ് പറഞ്ഞതുപോലെ പഠനം പൂർത്തിയാക്കിയതിനുശേഷവും പുതുക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഈ റിക്കാർഡ് അപ്റ്റുഡേറ്റ് ആക്കേണ്ടതും കൃത്യനിഷ്ഠയോടുകൂടി വെക്കേണ്ടതും നിർബന്ധമാണ്. ഇതില്ലാതെകണ്ട് നമുക്ക് ജമാഅത്തിന്റെ പദ്ധതിയെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും ധാരണയിലെത്താൻ സാധിക്കുകയില്ല. ഏതൊക്കെ വിഭാഗത്തിൽ എത്രപേരെ ആവശ്യമുണ്ടെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. ചിലപ്പോൾ കുട്ടികൾ വികലാംഗരായി ജനിക്കുന്നു. അതുകാരണം മാതാപിതാക്കൾക്ക് വളരെയധികം വിഷമം അനുഭവിക്കേണ്ടതായി വരുന്നു. അത്തരം അവസ്ഥകളിലും കുട്ടി വഖ്ഫെ നൗവിൽ ഉൾപ്പെടുകയില്ല. ഇത് മാതാപിതാക്കളെ സംബന്ധിച്ച് രണ്ട് തരത്തിലുള്ള ദുഃഖത്തിന് കാരണമായിത്തീരുന്നു. അത്തരം മാതാപിതാക്കൾക്ക് അല്ലാഹു വേറെ മക്കളെ നൽകുമാറാകട്ടെ. അതുപോലെ തന്നെ എന്തെങ്കിലും കാരണമായി മാതാപിതാക്കൾ ശിക്ഷാ നടപടിക്ക് വിധേയമായിട്ടുണ്ടെങ്കിൽ അത്തരം മാതാപിതാക്കളുടെ കുട്ടികളെ വഖ്ഫെ നൗവിന്റെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. കാരണം ഏതൊരു മാതാപിതാക്കൽ ജമാഅത്തിനെ പരിപൂർണ്ണമായി അനുസരിക്കുന്നില്ലയോ അത്തരം മാതാപിതാക്കൾ മക്കൾക്ക് എന്ത് തർബ്ബിയ്യത്ത് നൽകാനാണ്. അതുകൊണ്ട് ഏതെങ്കിലും ജമാഅത്തിൽ ഇത്തരത്തിലുള്ള കാര്യം ഉണ്ടെങ്കിൽ ഉടനെതന്നെ കേന്ദ്രത്തിന് വിവരം നൽകേണ്ടതാണ്. ഇത് സെക്രട്ടറിമാരുടെ ചുമതലയാണ്. യൂനിവേഴ്സിറ്റിയിൽ പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ആദ്യം അനുവാദം വാങ്ങണമെന്ന് ഞാൻ മുമ്പ് പറഞ്ഞുവല്ലൊ. വഖ്ഫിൽ നിലനിൽക്കാൻ ആഗ്രഹിക്കുകയും യൂനിവേഴ്സിറ്റിയിൽ പഠനം പൂർത്തിയാക്കിയിട്ടുമുള്ള കുട്ടികളും, ജോലി ചെയ്യുന്ന കുട്ടികളും കേന്ദ്രവുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്. ഇത്രവർഷമായി ജോലി ചെയ്യുന്നതെന്നും കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. ജോലി ചെയ്യാനുള്ള അനുവാദം ഞാൻ നൽകാറുണ്ട്. ജമാഅത്തിന് ആവശ്യം നേരിടുമ്പോൾ വിളിക്കുന്നതാണ്. പക്ഷെ അവരുടെ ജോലിയെ സംബന്ധിച്ച് എല്ലാ വർഷവും അറിയിച്ചുകൊണ്ടിരിക്കേണ്ടതുമാണ്. പല വകുപ്പുകളിലും പ്രഫഷണലായിട്ടുള്ളവർ അവരുടെ ഡിപ്ലോമയും ട്രൈനിംങ്ങും കഴിഞ്ഞാൽ കേന്ദ്രത്തെ അറിയിക്കേണ്ടതാണ്.

അല്ലാഹു വഖ്ഫ് ചെയ്ത എല്ലാവരേയും ജമാഅത്തിന് പ്രയോജനപ്രദമായ വ്യക്തിത്വങ്ങളാക്കി മാറ്റുകയും, ജമാഅത്തിന്റെയും സമൂഹത്തിന്റെയും അമാനത്തായ ഇവർക്ക് ശരിയായ രീതിയിലുള്ള തർബ്ബിയ്യത്ത് കൊടുക്കുന്നതിനും പ്രയോജനപ്രദമായ വ്യക്തിത്വങ്ങളാക്കിത്തീർക്കുന്നതിനും സഹായികളായി നാം മാറുകയും ചെയ്യുമാറാകട്ടെ.

**വിവർത്തനം**
മൗലവി സഫർ അഹ്മദ് സാഹിബ്, മാത്തോട്ടം
മുബല്ലിഗ് – മാത്തോട്ടം, **PHONE : 9633275123**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD** atba
**KHALIFATHUL MASIH - V**
**on 22 - 10 - 2010 at London**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**

## PRINTED BOOKS

**To,**

**From,**
**Incharge Khutba Section**
**Majlis Khuddamul Ahmadiyya North Ilaqa**
**Baithul Quddoos G H Road Calicut -1**